നം. എം. 4/57380/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 10.08.2017.
ഫോൺ: 0471 - 258 0595; **msndpi@gmail.com**.

# സർക്കുലർ

വിഷയം : പൊ.വി.വ.- സ്വാതന്ത്ര്യദിനാഘോഷം- 2017 നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച് -

സൂചന :

***************************

ഭാരത സ്വാതന്ത്രത്തിന്റെ **70** - ാം വാർഷികം 2017 ആഗസ്റ്റ് 15 - ന് വിപുലമായി ആഘോഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിലും സ്കൂളുകളിലും സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. വിദ്യാലയങ്ങളിലും ഓഫീസുകളിലും സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിക്കേണ്ടതാണ്.
2. വിദ്യാലയങ്ങളിൽ എല്ലാ വിദ്യാർത്ഥികളും, അദ്ധ്യാപകരും, അദ്ധ്യാപകേതര ജീവനക്കാരും ഹാജരാക്കേണ്ടതും, രാവിലെ 9.30 ന് ദേശീയ പതാക ഉയർത്തേണ്ടതും ദേശീയ ഗാനം ആലപിക്കേണ്ടതുമാണ്.
3. സ്വാതന്ത്ര്യ ദിനാഘോഷത്തിനും മുന്നോടിയായി സ്കൂളും, പരിസരവും വൃത്തിയാക്കേണ്ടതും കമനീയമായി അലങ്കരിക്കേണ്ടതുമാണ്.
4. വിദ്യാർത്ഥികൾക്കായി ദേശഭക്തി ഗാനാലാപനം, ക്വിസ്, സെമിനാറുകൾ, പ്രദർശനങ്ങൾ, പരേഡുകൾ മുതലായവ സംഘടിപ്പിക്കേണ്ടതാണ്.

5. രക്ഷിതാക്കൾ, ജനപ്രതിനിധികൾ, പൊതു പ്രവർത്തകർ, സ്വാതന്ത്ര്യ സമര സേനാനികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച് ആയിരിക്കണം ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്.

6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളും, അവയുടെ പരിസരവും, സ്വാതന്ത്ര്യ ദിനാഘോഷ പരിപാടിക്ക് മുന്നോടിയായി വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്യേണ്ടതാണ്. രാവിലെ 9.30 ന് ഓഫീസ് മേധാവിയുടെ നേതൃത്വത്തിൽ ദേശീയ പതാക ഉയർത്തേണ്ടതും, ദേശീയ ഗാനം ആലപിക്കേണ്ടതുമാണ്.

JIMMY K. JOSE
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
Jt. Director of Public Instruction
Directorate of Public Instruction
Thiruvananthapuram

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) / പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ - സി.എ. മുഖേന.
2. പി.എ. (ജനറൽ) - (ഈ ആഫീസിലെ സ്വാതന്ത്ര്യദിനാഘോഷം സമുചിതമായി സംഘടിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.)
3. പി.ആർ.ഒ., പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
4. കരുതൽ ഫയൽ.